# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 5753 - 25/05/2017 - ലെ മറുപടിക്ക്

### വാർഷിക പദ്ധതി

ചോദ്യം

ഉത്തരം

ശ്രീ. പി. കെ. ശശി

ഡോ. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | 2016-17 വർഷത്തെ വാർഷിക പദ്ധതി നടത്തിപ്പിനായി വകയിരുത്തിയ ആകെ തുക എത്ര എന്നും കേന്ദ്ര സർക്കാരിന്റെ കറൻസി പിൻവലിക്കലും തുടർ നടപടികളും സംസ്ഥാന ട്രഷറികളുടെയും സർക്കാർ അധീനതയിലുള്ള ധനകാര്യ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളെ ബാധിച്ചതുമൂലം പ്രസ്തുത തുക ചെലവാക്കുന്നതിൽ നേരിട്ട പ്രശ്നങ്ങൾ എന്തെന്നും വ്യക്തമാക്കുമോ; | 2016-17 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി നടത്തിപ്പിനായി ആകെ 30570.17 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കേന്ദ്ര സർക്കാർ 2016 നവംബർ 8 -ന് 500, 1000 രൂപ നോട്ടുകൾ അസാധുവാക്കാൻ തീരുമാനിച്ചതിന്റെ ഫലമായി കേരള സമ്പദ്ഘടനയ്ക്ക് സംഭവിച്ച പ്രത്യാഘാതങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിന് കേരള സംസ്ഥാന ആസൂത്രണ ബോർഡ് 2016 നവംബർ 23ന് ഒരു കമ്മറ്റിയെ നിയമിച്ചിരുന്നു. നോട്ട് നിരോധനം സമ്പദ് വ്യവസ്ഥയുടെ വിവിധ മേഖലകൾക്കുണ്ടാക്കിയ പ്രത്യാഘാതങ്ങളെ സംബന്ധിച്ച് ഒരു ഇടക്കാല റിപ്പോർട്ടും 2017 ഫെബ്രുവരിയിൽ അന്തിമ റിപ്പോർട്ടും സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 2011-12 മുതൽ 2014-15 വരെയുള്ള വാർഷിക മൊത്ത ആഭ്യന്തര ഉത്പാദന വളർച്ചാനിരക്ക് 14.9 ശതമാനം ആയിരുന്നു. എന്നാൽ നോട്ട് റദ്ദാക്കലിനുശേഷം കേരളത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദന വളർച്ചാ നിരക്ക് 14.9 ശതമാനത്തെക്കാളും വളരെ കുറവാകാനാണ് സാദ്ധ്യതയെന്ന് പ്രസ്തുത റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്.<br>കേരള സമ്പദ്‌വ്യവസ്ഥയുടെ ചില സവിശേഷതകൾ നോട്ട് റദ്ദാക്കലിന്റെ ഫലമായി കൂടുതൽ പ്രത്യാഘാതങ്ങൾ ക്കിടയാക്കി. സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ പ്രധാന പങ്ക് വഹിക്കുന്ന പരമ്പരാഗത മേഖലകളായ മൽസ്യബന്ധനം, കയർ, കൈത്തറി, കശുവണ്ടി, കൃഷി, തോട്ടങ്ങൾ തുടങ്ങിയ പല മേഖലകളും കറൻസി വിനിമയത്തിൽ അധിഷ്ഠിതമായതിനാൽ ഇവയിൽ നിന്നുള്ള വരുമാനത്തെ ആശ്രയിച്ച് കഴിയുന്ന ലക്ഷക്കണക്കിനാളുകളെ നോട്ട് നിരോധനം സാരമായി ബാധിച്ചു. നോട്ട് ലഭ്യത |

| | | |
|---|---|---|
| | | കൂടുതലാവശ്യമായ ചെറുകിട വ്യാപാരം, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ഗതാഗതം എന്നിവ കേരള സമ്പദ്‌വ്യവസ്ഥയുടെ 40 ശതമാനത്തിന് മുകളിൽ വരുമാനം പ്രദാനം ചെയ്യുന്നവയാണ്. പ്രാഥമിക മേഖലയാകട്ടെ 16 ശതമാനവും. അങ്ങനെ 56 ശതമാനം വരുമാനം സംഭാവന ചെയ്യുന്ന സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖല നോട്ട് പിൻവലിക്കലിന്റെ ആഘാതം നേരിടുകയാണ്. കഴിഞ്ഞ കുറച്ചു വർഷങ്ങളായി മാന്ദ്യം നേരിടുകയായിരുന്ന കാർഷിക മേഖല ഈ നയംമാറ്റത്തിന്റെ നേരിട്ടുള്ള ആഘാതമേറ്റു കൊണ്ടിരിക്കുകയാണ്. നിർമ്മാണ-ഗതാഗത സംഭരണ മേഖലകളുടെ തിരിച്ചുവരവ് ഇനിയും താമസിച്ചേക്കാം. ഉയർന്ന വളർച്ച പ്രകടമാക്കിയ വ്യാപാര/ഹോട്ടൽ മേഖലകളും നോട്ട് പിൻവലിക്കലിന്റെ ആഘാതത്തിലാണ്. നവംബർ 8ന് ശേഷം റിസർവ്വ് ബാങ്ക് പുറത്തിറക്കിയ അറിയിപ്പുകൾ, പ്രത്യേകിച്ചും നവംബർ 14ലെ സഹകരണ ബാങ്കുകളെയും സംഘങ്ങളെയും നോട്ട് കൈമാറ്റ പ്രക്രിയയിൽ നിന്ന് വിലക്കികൊണ്ടുള്ള ഉത്തരവ് കേരളത്തെ വളരെയധികം പ്രതികൂലമായി ബാധിച്ചു. നോട്ടുകൾ മാറ്റി നൽകാനുള്ള അവകാശം പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകാത്തതിനാൽ അവയുടെ പ്രവർത്തന ത്തെയും തദ്വാരാ സംസ്ഥാനത്തിലെ മൊത്തം ധനകാര്യ ഇടപാടുകളെയും അവതാളത്തിലാക്കി. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സ്ഥിതി ദുർബലപ്പെടുന്നത് സംസ്ഥാനങ്ങൾക്കുള്ള ഗ്രാന്റുകളെ ബാധിക്കും. ഇതിനുപുറമേ, ആസന്നമായ സാമ്പത്തിക വളർച്ചയിലുണ്ടാകുന്ന ഇടിവ് കേന്ദ്ര സർക്കാരിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിക്കും. തൻമൂലം ഇത് സംസ്ഥാനങ്ങളിലേക്കുള്ള നികുതി കൈമാറ്റം കുറയുന്നതിനുള്ള സാഹചര്യത്തി നിടയാക്കും. നോട്ട് റദ്ദാക്കലിന് ശേഷമുള്ള സാമ്പത്തിക പ്രവർത്തനത്തിലുണ്ടായ മന്ദത, സ്റ്റാമ്പ് നികുതി സമാഹരണത്തിൽ വന്ന കുറവ്, റിയൽ എസ്റ്റേറ്റ് മേഖലയിലുണ്ടായ തളർച്ച, മോട്ടോർ വാഹന നികുതി സമാഹരണത്തിൽ |

<table>
<tr><td></td><td></td><td>വന്ന കുറവ് എന്നിവ കാരണം തനത് നികുതി വരുമാനത്തിൽ പ്രതീക്ഷിച്ചിരുന്ന 19 ശതമാനം വളർച്ച കൈവരിക്കാനുള്ള സാദ്ധ്യത കുറവാണ്. ചുരുക്കത്തിൽ നോട്ട് റദ്ദാക്കൽ കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെ രൂക്ഷമായി ബാധിച്ചിട്ടുണ്ട്. ഇതിനെല്ലാം പുറമേ നോട്ട് റദ്ദാക്കലിനു ശേഷം ദൈനംദിന ആവശ്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് വേണ്ടുന്ന കറൻസിയുടെ ലഭ്യതക്കുറവും വലിയ വെല്ലുവിളി ഉയർത്തി.</td></tr>
<tr><td>ബി</td><td>പ്രസ്തുത കാലയളവിൽ സംസ്ഥാന വരുമാനത്തിന്റെ ഭാഗമായ കേന്ദ്ര സർക്കാർ വിഹിതം എത്രയെന്നും അതിൽ എത്ര ലഭിച്ചു എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;</td><td>2016-17 കാലയളവിലെ സംസ്ഥാന വരുമാനത്തിന്റെ ഭാഗമായ കേന്ദ്ര സർക്കാർ വിഹിതം ചുവടെ ചേർക്കുന്നു. (31.12.2016 -ലെ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്ക് പ്രകാരം)<br>(തുക കോടിയിൽ)
<table>
<tr><th>നം</th><th>ഇനം</th><th>ബഡ്ജറ്റ് എസ്റ്റിമേറ്റ്</th><th>ലഭിച്ച തുക</th></tr>
<tr><td>1</td><td>കേന്ദ്ര നികുതി വിഹിതം</td><td>14282</td><td>9567.59</td></tr>
<tr><td>2</td><td>ഗ്രാന്റ് - ഇൻ - എയ്ഡ്</td><td>11361.72</td><td>5347.70</td></tr>
<tr><td></td><td>ആകെ</td><td>25643.72</td><td>14915.29</td></tr>
</table></td></tr>
<tr><td>സി</td><td>കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ ഉള്ള പൊതുകടം എത്ര എന്നും ശേഷം വന്ന യു.ഡി.എഫ്. സർക്കാരിന്റെ കടബാദ്ധ്യത എത്ര എന്നും മുൻകട ബാദ്ധ്യത തീർക്കാനായി കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചു എന്നും എത്ര പൊതുകടബാദ്ധ്യത തീർക്കുകയുണ്ടായി എന്നും വിശദാംശം ലഭ്യമാക്കുമോ?</td><td>കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം (31.03.2011 -ലെ കണക്കുകൾ അടിസ്ഥാനമാക്കി) 78673.24 കോടി രൂപയും അതിനു ശേഷം വന്ന യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ (31.03.2016 -ലെ കണക്കുകൾ അടിസ്ഥാനമാക്കി) ഇത് 157370.33 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഓരോ വർഷവും തിരിച്ചടയ്ക്കേണ്ട കടം തിരിച്ചടവ് തീയതികളിൽ തന്നെ സർക്കാർ അടയ്ക്കേണ്ടതാണ്. തിരിച്ചടവിനു ശേഷമുള്ള പണമാണ് വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നത്.</td></tr>
</table>

**സെക്ഷൻ ഓഫീസർ**